15
ആഗസ്റ്റ് 2023
ചൊവ്വ
Pages- 5
Vol. 2 Issue 193

# ക്രിസ്ത്യൻലൈവ് ദിനപത്രം

On the Battlefield for the Great Commission

562




പേജ് 4

എഡിറ്റോറിയൽ
## ക്രിസ്ത്യൻ ലൈവ്
2023 ആഗസ്റ്റ് 15 ചൊവ്വ



# യാഥാർത്ഥ സ്വാതന്ത്ര്യം പ്രാപിച്ചവരോ?

മനുഷ്യൻ എല്ലാക്കാലത്തും സ്വാതന്ത്ര്യം കൊതിക്കുന്നു. എല്ലാ പരിമിതികളും വിട്ട് ഉയരത്തിലേക്ക് പറക്കുവാൻ മോഹിക്കുന്ന മനസ്സാണ് മനുഷ്യർക്കുള്ളത്. അതിനുവേണ്ടി എന്തും ചെയ്യാനും തയ്യാറാണ്. ബ്രിട്ടീഷ് ഭരണത്തിൻ കീഴിൽ അസ്വസ്ഥരായിരുന്ന ഭാരതത്തിലെ മനുഷ്യർ സ്വാതന്ത്ര്യത്തിനായി പോരാടിയപ്പോൾ പലരും രക്തസാക്ഷികൾ ആകേണ്ടി വന്നു. പാരതന്ത്ര്യം മാനികൾക്ക് മൃതിയേക്കാൾ ഭയാനകം എന്ന മൊഴി പോലെ മരിക്കേണ്ടിവന്നാലും സ്വാതന്ത്ര്യം ലഭിക്കുവാൻ പോരാടിയ ധീര സേനാനികളെ ഓർത്തു നാം അഭിമാനം കൊള്ളുന്നു. എന്നാൽ ബ്രിട്ടീഷ് അടിമത്തത്തിൽ നിന്നും സ്വാതന്ത്ര്യരായ നാം ഇന്നും യഥാർത്ഥത്തിൽ സ്വതന്ത്രരാണോ?

മത സ്വാതന്ത്ര്യം ഉണ്ടെന്ന് അഭിമാനിക്കുന്ന ഭാരതം ഇന്ന് എന്ത് പറയുന്നു? തമ്മിൽ തമ്മിൽ പീഡിപ്പിക്കുന്ന, കൊല്ലുന്ന നിലയിൽ എത്തി നമ്മുടെ അവസ്ഥ. കുടുംബത്തിൽ സ്വാതന്ത്ര്യം അനുഭവിക്കുന്നവർ ഉണ്ടോ? സമൂഹത്തിൽ സ്ത്രീകൾ ഉയർന്ന പദവികൾ അലങ്കരിക്കുമ്പോൾ പോലും വീടിനകത്തു പീഡനം അനുഭവിക്കേണ്ടി വരുന്നു. ആർക്കും സത്യത്തിൽ ഒന്നിനും സ്വാതന്ത്രം ഇല്ലാത്ത അവസ്ഥ. ഈ 77 മത് സ്വാതന്ത്ര്യ ദിനത്തിൽ ഭാരതത്തിലെ പല സംസ്ഥാനങ്ങളും പ്രത്യേകാൽ മണിപ്പൂരും ഒക്കെ അനുഭവിക്കുന്ന പീഡനങ്ങൾ നമ്മുടെ സ്വാതന്ത്ര്യത്തിൽ ഉള്ള സ്വാതന്ത്ര്യമില്ലായ്മയെ വരച്ചു കാട്ടുന്നു.

ഇത്തരുണത്തിലാണ് മനുഷ്യന് യഥാർത്ഥമായ സ്വാതന്ത്ര്യം വേണ്ടത് സമൂഹത്തിലല്ല വീട്ടിലും അല്ല ഹൃദയത്തിലാണ് എന്ന നാം തിരിച്ചറിയൂ ന്നത്. അത് പാപത്തിൽ നിന്നും ആണ് ലഭിക്കേണ്ടത്. മനുഷ്യന്റെ സ്വപ്രയത്നത്താൽ അത് ലഭിക്കയില്ല. യാഗങ്ങൾ കൊണ്ടോ നേർച്ച കാഴ്ചകൾ കൊണ്ടോ തീർത്ഥടാനങ്ങൾ കൊണ്ടോ അത് പ്രാപിക്കില്ല, അത് മൂലം മനുഷ്യനെ സൃഷ്ടിച്ച ദൈവം തന്നെ അതിനു പരിഹാരം വരുത്തി. ദൈവം തന്റെ സ്വന്തം പുത്രനെ പാപജഡത്തിന്റെ സാദൃശ്യത്തിലും പാപം നിമിത്തവും ഭൂമിയിലേക്കയച്ചു. മനുഷ്യവർഗ്ഗത്തിന്റെ പാപം ഏറ്റെടുത്തു ക്രൂശിൽ യാഗമായി. ആ യാഗത്തിൽ വിശ്വസിക്കുന്നവർക്ക് ഇന്ന് ലഭിക്കുന്നത് ലോകപ്രകാരമുള്ള ഒരു സ്വാതന്ത്ര്യം അല്ല.

സ്വാതന്ത്ര്യത്തിനായി മുറവിളി കൂട്ടുന്നതുപോലെയല്ല, ഹൃദയ നുറുക്കത്തോടെ ദൈവസന്നിധിയിൽ കരഞ്ഞാൽ ദൈവം പാപത്തിൽ നിന്നും യേശുക്രിസ്തുവിലൂടെ നമ്മെ വിടുവിച്ചു സാക്ഷാൽ സ്വാതന്ത്ര്യം നമുക്ക് നൽകും. ഭാരതം മുഴുവൻ ആഘോഷിക്കുന്ന ഈ സ്വാതന്ത്ര്യ ദിനത്തിൽ യഥാർത്ഥ ദൈവീക സ്വാതന്ത്ര്യം പ്രാപിക്കാൻ നമുക്കും കഴിയട്ടെ. അതിനായി സർവ്വശക്തൻ സഹായിക്കട്ടെ, എന്ന പ്രാർത്ഥനയോടെ എല്ലാ വായനക്കാർക്കും സ്വാതന്ത്ര്യ ദിനാശംസകൾ നേരുന്നു.



സിസ്റ്റർ ഷീലാ ദാസ്

# ഇന്ത്യയ്ക്കായി യിസ്രായേലിന്റെ സ്പൈക്ക് മിസൈൽ



ന്യൂഡെൽഹി: ഇന്ത്യൻ വ്യോമോസേനയ്ക്ക് കരുത്തേകാൻ യിസ്രായേലിൽനിന്ന് സ്പൈക്ക് നോൺ ലൈൻ ഓഫ് സൈറ്റ് മിസൈൽ. 32 കിലോമീറ്ററാണ് ഈ ആന്റി ടാങ്ക് ഗൈഡഡ് മിസൈലിന്റെ ദൂരപരിധി. അപ്പാച്ചെ ഹെലികോപ്റ്ററിൽ ഘടിപ്പിച്ചിരിക്കുന്ന യുഎസ് നിർമ്മിത എജിഎം114 ഹെൽഫയർ മിസൈലിന്റെ നാലിരട്ടി ശേഷിയാണിത്. മിസൈലിന്റെ പരീക്ഷണം ഉടൻ നടക്കുമെന്ന് ഇന്ത്യൻ പ്രതിരോധ വൃത്തങ്ങൾ അറിയിച്ചു.

മിസൈലിന്റെ പരീക്ഷണം ഉടൻ നടത്തുമെന്ന് ഇന്ത്യൻ പ്രതിരോധ വൃത്തങ്ങൾ അറിയിച്ചു. റഷ്യയുടെ എംഐ 17 വി5 ഹെലിക്കോപ്റ്ററുകളിൽ സ്പൈക്ക് എൻഎൽഒഎസ് മിസൈൽ വിജയകരമായി ഉപയോഗിച്ചിരുന്നു. ശത്രുവിന്റെ കവചിത നിരയ്ക്കു നേരെ തൊടുത്തുവിടാൻ മിസൈൽ ഫലപ്രദമാണെന്ന് തെളിഞ്ഞിട്ടുണ്ട്. സ്പൈക്ക് മിസൈലിന്റെ വിവിധ തരം പകർപ്പുകൾ ഒമ്പത് രാജ്യങ്ങൾക്ക് യിസ്രായേൽ കമ്പനിയായ റഫേൽ കൈമാറിയിട്ടുണ്ട്. എംഐ17 ഹെലിക്കോപ്റ്റർ നവീകരിക്കാനാണ് ഇന്ത്യൻ വ്യോമസേന സ്പൈക്ക് മിസൈൽ ഉപയോഗിക്കുക. ലഡാക്ക് പോലുള്ള ഉയർന്ന പ്രദേശങ്ങളിൽ സ്പൈക്ക് മിസൈൽ ഉപയോഗിക്കാനാകും. ചൈനീസ് ടാങ്കുകൾക്ക് പുറമേ, പുതിയ മിസൈൽ ഉപയോഗിച്ച് കമാൻഡ് സെന്ററുകൾ, മൊബൈൽ എയർ ഡിഫൻസ്, മറ്റ് ഉപകരണങ്ങൾ എന്നിവ ലക്ഷ്യമിടാൻ വ്യോമസേനയ്ക്ക് കഴിയുമെന്നാണ് റിപ്പോർട്ട്.

# ഐപിസി മിഡ് വെസ്റ്റ് റീജിയൻ പിവൈപിഎ കൺവെൻഷൻ ഒക്ലഹോമയിൽ

ഹൂസ്റ്റൺ: ഐപിസി മിഡ് വെസ്റ്റ് റീജിയൻ പിവൈപിഎ കൺവൻഷൻ സെപ്റ്റംബർ 1 മുതൽ 3 വരെ ഒക്ലഹോമയിൽ ഐപിസി ഹെബ്രോൻ സഭയിൽ നടക്കും. സുവിശേഷകൻ ആൽവിൻ ഉമ്മൻ പ്രസംഗിക്കും. വെള്ളി, ശനി ദിവസങ്ങളിൽ വൈകുന്നേരം 7നാണ് പൊതുയോഗം. ഞായറാഴ്ച രാവിലെ 9:30ന് നടക്കുന്ന ആരാധനയോടെ കൺവൻഷൻ സമാപിക്കും.

ഐ.പി.സിയുടെ ഉത്തര അമേരിക്കയിലുള്ള ഏറ്റവും വലിയ റീജിയനുകളിൽ ഒന്നാണ് മിഡ്‌വെസ്റ്റ്റീജിയൻ. 23 സഭകളുള്ള ഈ റീജിയൻ ഡാളസ്, ഒക്ലഹോമ, ഹൂസ്റ്റൺ, സാൻഅന്റോണിയോ, ഓസ്റ്റിൻ എന്നീ പട്ടണങ്ങളിലുള്ള ഐ.പി.സി സഭകളുടെ ഐക്യകൂട്ടായ്മയാണ്. കൺവൻഷൻ സുഗമമായ നടത്തിപ്പിന് ഷോണി തോമസ് (പ്രസിഡണ്ട് ), വെസ്ലി ആലുംമൂട്ടിൽ (വൈസ് പ്രസിഡണ്ട്), അലൻ ജെയിംസ് (സെക്രട്ടറി), വിന്നി ഫിലിപ്പ് (ജോയിൻറ് സെക്രട്ടറി), റോഷൻ വർഗീസ് (ട്രഷറർ), ജോൺ കുരുവിള (മീഡിയ കോഓർഡിനേറ്റർ) എന്നിവരുടെ നേതൃത്വത്തിലുള്ള കമ്മിറ്റി പ്രവർത്തിക്കുന്നു. കൂടുതൽ വിവരങ്ങൾക്ക് (972) 8141213 (പ്രസിഡണ്ട്); (972)8768369 (മീഡിയ കോഓർഡിനേറ്റർ) എന്നീ നമ്പരുകളിൽ ബന്ധപ്പെടുക.

# ഹിമാചൽ പ്രദേശിൽ മേഘവിസ്ഫോടനവും മണ്ണിടിച്ചിലും; മരണസംഖ്യ 50 കടന്നു

ഷിംല : ഹിമാചൽ പ്രദേശിലെ മേഘവിസ്ഫോടനത്തിലും മണ്ണിടിച്ചിലിലും മരണപ്പെട്ടവരുടെ എണ്ണം 50 കടന്നു. സോളനിലെ കാണ്ഡഘട്ട് ജാഡോൺ ഗ്രാമത്തിലാണ് മേഘവിസ്ഫോടനം ഉണ്ടായത്. കനത്ത മഴയെ തുടർന്നുണ്ടായ വെള്ളപ്പാച്ചിലിൽ നിരവധി വീടുകൾ ഒഴുകിപ്പോയതായാണ് വിവരം.

അടുത്ത രണ്ടു ദിവസത്തേക്ക് ശക്തമായ മഴയ്ക്ക് സാധ്യതയുള്ളതിനാൽ ഉത്തരാഖണ്ഡിലെ ആറു ജില്ലകളിൽ റെഡ് അലർട്ട് പ്രഖ്യാപിച്ചിട്ടുണ്ട്. നിരവധി ജില്ലകളിൽ ഓറഞ്ച് അലർട്ടും പുറപ്പെടുവിച്ചിട്ടുണ്ട്. ഹിമാചൽ, പഞ്ചാബ്, ഹരിയാന, ചണ്ഡീഗഡ്, ഉത്തർപ്രദേശ്, ബിഹാർ, പശ്ചിമ ബംഗാൾ, സിക്കിം എന്നിവിടങ്ങളിൽ അടുത്ത രണ്ട് ദിവസങ്ങളിൽ ഒറ്റപ്പെട്ട കനത്ത മഴയ്ക്ക് സാധ്യതയുണ്ടെന്നും കാലാവസ്ഥാ നിരീക്ഷണ കേന്ദ്രം അറിയിച്ചു.

## നിത്യതയിൽ



മേപ്രാൽ: അമ്പാട്ട് എ.വി.വർഗീസിന്റെ (അച്ചൻകുഞ്ഞ്) ഭാര്യ ഷീലാ വർഗീസ് (ഷീലാമ്മ 58) നിത്യതയിൽ പ്രവേശിച്ചു. സംസ്കാരം നാളെ രാവിലെ ഒമ്പതിന് വസതിയിൽ ആരംഭിച്ച് ശുശ്രൂഷകൾക്ക് ശേഷം 12.30ന് മേപ്രാൽ ഐ.പി.സി ഹെബ്രോൻ സെമിത്തേരിയിൽ സംസ്കരിക്കും. മേപ്രാൽ ആലുംചുവട്ടിൽ കുടുംബാംഗമാണ്. മക്കൾ: എമിൽ, ഷീബ. മരുമക്കൾ: നിരണം തെക്കേപെഴങ്ങേരിൽ ജോയ്സി, ചാത്തങ്കേരി പൂവത്ത് വള്ളപ്പുരയിൽ ബിനു. കൊച്ചുമക്കൾ: മിലൻ, ഹെലൻ, കെസിയ, ഫെയ്ത്ത്.


Christian Live (Malayalam) Advertisement Tariff

**Full Page**
Front – 5000 INR
Back – 4000 INR
Inside- 3000 INR

**Quarter Page**
Front - 1250 INR
Back - 1000 INR
Inside- 750 INR

**Half Page**
Front - 2500 INR
Back- 2000 INR
Inside -1500 INR

**Half of Quarter Page**
Front - 750 INR
Back - 500 INR
Inside- 250 INR

ഒരേ സമയത്ത് ഒന്നിലേറെ ദിവസങ്ങളിൽ പരസ്യങ്ങൾ നൽകുന്നവർക്ക് പ്രത്യേക ഇളവുകൾ ഉണ്ടായിരിക്കും



EDITORIAL BOARD

Chief Editor: Blessin John Malayil
Managing Editor: Aji George
Publisher: Nelson George

Editors:
Pr Sajo Thonikkuzhiyil
Pr. Titus Johnson
Pr. Sam Elambal
Joji Iype Mathews
Pr. Shibu Thomas, Oklahoma.

+91 9188522220 +91 9846552220
Email: cnl7news@gmail.com

Layout: Shaji Vazhoor ... 9656571354

# ക്രിസ്ത്യൻ യൂണിവേഴ്സിറ്റിയുടെ ബാങ്ക് അക്കൗണ്ടുകൾ മരവിപ്പിച്ച് നിക്കരാഗ്വേ ഭരണകൂടം

മനാഗ്വേ: നിക്കരാഗ്വേയിൽ വൈദികരുടെ നേതൃത്വത്തിൽ പ്രവർത്തിച്ചുവന്നിരുന്ന സെൻട്രൽ അമേരിക്കൻ യൂണിവേഴ്സിറ്റിയുടെ ബാങ്ക് അക്കൗണ്ടുകൾ ഡാനിയേൽ ഒർട്ടേഗ ഭരണകൂടം മരവിപ്പിച്ചു. ഇതോടൊപ്പം സർവ്വകലാശാലയുടെ വസ്തുവകകളുടെ കൈമാറ്റത്തിനും ഭരണകൂടം വിലക്കേർപ്പെടുത്തി. ഭരണകൂട നടപടിയെ രൂക്ഷമായി വിമർശിച്ച് മെത്രാന്മാരും, സംഘടനകളും രംഗത്തുവന്നിട്ടുണ്ട്. രാജ്യത്തെ ആറ് വിദ്യാർത്ഥി സംഘടനകൾ ചേർന്ന് സംയുക്തമായി പ്രസ്താവന പുറത്തിറക്കി. ബാങ്ക് അക്കൗണ്ടുകൾ മരവിപ്പിച്ച സർക്കാർ നടപടി ഉന്നത വിദ്യാഭ്യാസത്തിനും, ബൗദ്ധിക സ്വാതന്ത്ര്യത്തിനും, സംസ്കാരത്തിനും, സമൂഹത്തിന് മുഴുവനും എതിരെയുള്ള അക്രമമാണെന്ന് സർവ്വകലാശാലയിലെ മുൻ വിദ്യാർഥിയും, ഭരണകൂട ഭീഷണിയെ തുടർന്ന് രാജ്യംവിട്ട് അമേരിക്കയിൽ അഭയം പ്രാപിച്ച മനാഗ്വേ രൂപതയുടെ സഹായമെത്രാനുമായ സിൽവിയോ ബായിസ് ടിറ്ററിൽ കുറിച്ചു.

ഭിന്നാഭിപ്രായങ്ങൾ അടിച്ചമർത്താനും, വിമർശകരെ നിശബ്ദരാക്കാനുമുള്ള പദ്ധതിയുടെ ഭാഗമാണ് സർവ്വകലാശാലക്കെതിരെ സർക്കാർ സ്വീകരിച്ചിരിക്കുന്ന നടപടിയെന്ന് വിദ്യാർത്ഥി സംഘടനകൾ പ്രസ്താവിച്ചു. ബാങ്ക് അക്കൗണ്ടുകൾ മരവിപ്പിച്ച നടപടി പിൻവലിക്കണമെന്ന് അവർ ആവശ്യപ്പെട്ടു. 1960ൽ സ്ഥാപിതമായ സെൻട്രൽ അമേരിക്കൻ യൂണിവേഴ്സിറ്റി രാജ്യത്തെ ആദ്യത്തെ സ്വകാര്യ സർവ്വകലാശാലയാണ്.




## മണിപ്പൂർ ഐക്യദാർഢ്യ സമാധാന റാലി ഡാളസ്സിൽ നടന്നു

ഡാളസ്: നോർത്ത് അമേരിക്കൻ മണിപ്പൂർ ട്രൈബൽസ് അസോസിയേഷൻ & കൊളിഷൻ പാർട്ണേസ് (NAMTA, US) സംഘടിപ്പിച്ച സമാധാന റാലി ഡാളസ്സിൽ നടന്നു.

NATMA എന്ന സംഘടനയുടെ നേതൃത്വത്തിൽ ഇർവിൻ, ഹിഡൻ റിഡ്ജ്, മഹാത്മാ ഗാന്ധി മെമ്മോറിയൽ പ്ലാസയിലാണ് മണിപ്പൂർ ഐക്യദാർഢ്യ സമാധാന റാലി നടന്നത്.

മണിപ്പൂർ കലാപത്തിൽ രക്തസാക്ഷികളായവരുടെ കുടുംബാംഗങ്ങൾ ഉൾപ്പടെ സ്ത്രീകളും കുട്ടികളും നിരവധി പാസ്റ്റർമ്മാരും വിശ്വാസികളും പ്ലക്കാർഡുകളും പിടിച്ച് സമാധാന റാലിയിൽ ചേർന്നു. മെതഡിസ്റ്റ്, ബാപ്റ്റിസ്റ്റ്, പെന്തകോസ്ത് സഭകളാണ് റാലിക്ക് നേതൃത്വം നൽകിയത്.
പാസ്റ്റർ സതീഷ്, പാസ്റ്റർ സാബു ഉമ്മൻ, പാസ്റ്റർ ജെയ്സ് പാണ്ടനാട്, പാസ്റ്റർ മാത്യൂ സാമുവേൽ, പാസ്റ്റർ തോമസ് മുല്ലയ്ക്കൽ, ജോസ് എണ്ണിക്കാട്, പാസ്റ്റർ യോഹന്നാൻ കുട്ടി ഡാനിയേൽ എന്നിവർ പങ്കെടുത്തു.

## യു.എസ്. യുവ മിഷണറി സംഘം നൈജറിൽ നിന്നും രക്ഷപെട്ടു




നിയാമി: നൈജറിൽ ജനാധിപത്യ ഭരണകൂടത്തെ അട്ടിമറിച്ച് അധികാരം പിടിച്ച പട്ടാള ഭരണത്തിൻ കീഴിൽ നിന്നും രക്ഷപെട്ട് യു.എസിലെ യുവ മിഷണറി സംഘം. പ്രസിഡന്റ് മൊഹമ്മദ് ബാസുമിനെ അട്ടിമറിച്ചാണ് പട്ടാള മേധാവി അധികാരം പിടിച്ചത്. ടെക്സാസിലെ ലുഫ്കിനിലുള്ള ഹാർമണി ഹിൽ ബാപ്റ്റിസ്റ്റ് ചർച്ചിന്റെ യുവജന വിഭാഗം ഒരു മിഷൻ ടൂറിന്റെ ഭാഗമായി നൈജറിലെത്തിയിരുന്നു.
സന്നദ്ധപ്രവർത്തകരിൽ 70 വയസുള്ള വ്യക്തികളും 11 വയസ്സുള്ള ഒരു കുട്ടിയും ഉൾപ്പെട്ടിരുന്നു.

ഇവർ തങ്ങളുടെ മിഷണറി പ്രവർത്തനങ്ങൾക്കുശേഷം നാട്ടിലേക്കു മടങ്ങാനിരിക്കെയായിരുന്നു രാഷ്ട്രീയ അട്ടിമറി നടന്നത്. വിമാനത്താവളവും അടച്ചിട്ടു. അതോടെ മിഷണറി സംഘം നൈജറിൽ കുടുങ്ങുകയായിരുന്നു. യാത്രകൾക്കും വിദേശ സാന്നിദ്ധ്യത്തിനും ഒക്കെ വൻ പരിശോധനകൾ നടന്നതോടെ മാതൃ ചർച്ചിനും യു.എസിനുപോലും 12 അംഗ മിഷണറിമാരെക്കുറിച്ച് ആശങ്കയും ഭയവുമുണ്ടായി. അന്നു മുതൽ ശക്തമായ പ്രാർത്ഥനയിലായിരുന്നു ദൈവജനം.

ഇതോടെ ദൈവം അത്ഭുതം പ്രവർത്തിച്ചതിനാൽ ഇവർ റോമിലേക്ക് പോകുവാനും അവിടെനിന്നും തിരിച്ച് മാതൃരാജ്യത്തിലേക്ക് തിരിക്കുവാനും അവസരം ലഭിക്കുകയായിരുന്നു. ഇറ്റലിക്കാർ മിഷണറി സംഘത്തെ അവരുടെ നാട്ടിലേക്കു കൂട്ടിക്കൊണ്ടു പോകുവാൻ മനസ്സു കാട്ടിയതാണ് രക്ഷപെടലിനു വഴിയൊരുക്കിയതെന്നു സഭയുടെ പാസ്റ്ററും മൂപ്പന്മാരും പ്രതികരിച്ചു.

## കാട്ടുതീയിൽ നിന്നും അതിജീവിച്ച് മരിയ ലനകില ദേവാലയം



ലഹൈന :അമേരിക്കയിൽ നാശം സൃഷ്ട്ടിച്ച കാട്ടുതീയിൽ നിന്നും കേടുപാടുകൾ സംഭവിക്കാതെ ലഹൈനയിലെ മരിയ ലനകില ദേവാലയം .കഴിഞ്ഞ ഞായറാഴ്ച വരെ കാട്ടുതീയിൽപെട്ട 93ഓളം ആളുകളാണ് മരണമടഞ്ഞത്. അത്രയും ഭീകരമായ ദുരന്തത്തെ ഔവർ ലേഡി ഓഫ് വിക്ടറിയുടെ പേരിലുള്ള മരിയ ലനകില കാത്തലിക് ദേവാലയം അതിജീവിച്ചത് ഏറെ അത്ഭുതത്തോടെയും അതിലുപരി പ്രതീക്ഷയോടെയുമാണ് വിശ്വാസികൾ കാണുന്നത്.

ശക്തമായ കാറ്റ് വീശിയടിച്ചതും ഉണങ്ങിയ സസ്യജാലങ്ങളാൽ ജ്വലിക്കുന്നതുമായ ഒന്നിലധികം തീപിടുത്തങ്ങൾ ആണ് ഹവായിയൻ ദ്വീപിലുടനീളം പടർന്നത്. 13,000ൽ താഴെ താമസക്കാരുള്ള പടിഞ്ഞാറൻ പട്ടണമായ ലഹൈനയിൽ വാൻ നാശനഷ്ട്ടങ്ങളും ജീവഹാനിയുമാണ് കാട്ടുതീ ഉണ്ടാക്കിയത്. കാട്ടുതീയ്ക്കുശേഷം സംഭവസ്ഥലത്തുനിന്നും പുറത്തുവിട്ട ചിത്രങ്ങളാണ് ദേവാലയവും അതിനോടു ചേർന്ന റെക്ടറിയും യാതൊരുവിധ കേടുപാടും കൂടാതെ നിലനിൽക്കുന്നതായി വിവരം നൽകിയത്.


'ഞങ്ങളെ സംബന്ധിച്ചിടത്തോളം ഇതൊരു അത്ഭുതം പോലെയാണ്'
മൗയിയിലെയും ലാനായിലെയും വികാരി മോൺസിഞ്ഞോർ ടെറൻസ് വടാനബെ ഹോണോലുലു പറഞ്ഞു. കൂടുതൽ വിവരങ്ങളും നാശനഷ്ട്ടങ്ങൾ വല്ലതുമുണ്ടോ എന്നതും പരിശാധനകൾക്കുശേഷം മാത്രമേ അറിയൂ. പ്രഥമദൃഷ്ട്യാ ദേവാലയം കേടുപാടുകളൊന്നും കൂടാതെയാണ് കാണപ്പെടുന്നതെന്ന് വൈലുക്കുവിലെ സെന്റ് ആന്റണീസ് ഓഫ് പാദുവ കാത്തലിക് ചർച്ചിന്റെ വികാരി കൂടിയായ വാടാനബെ പറഞ്ഞു.

## സ്വാതന്ത്ര്യം എല്ലാവർക്കും തുല്യമായി അവകാശപ്പെട്ടത് ; മുഖ്യമന്ത്രി

തിരുവനന്തപുരം: സ്വാതന്ത്ര്യത്തിന്റെ 77-ാം ആഘോഷ നിറവിൽ കേരളവും. സെൻട്രൽ സ്റ്റേഡിയത്തിൽ മുഖ്യമന്ത്രി പിണറായി വിജയൻ പതാക ഉയർത്തി. തുടർന്ന് ഗാർഡ് ഓഫ് ഓണർ മുഖ്യമന്ത്രി സ്വീകരിച്ചു സ്വാതന്ത്ര്യ ദിന പ്രസംഗം നടത്തി. സ്വാതന്ത്ര്യം എല്ലാവർക്കും തുല്യമായി അവകാശപ്പെട്ടതാണെന്നും പ്രത്യേക വിഭാഗത്തിനായി സ്വാതന്ത്ര്യം ചുരുക്കപ്പെടാൻ പാടില്ലെന്നും സ്വാതന്ത്ര്യ ദിനപ്രസംഗത്തിൽ മുഖ്യമന്ത്രി പറഞ്ഞു. ഒരുമയെ പുറകോട്ടടിക്കാനുള്ള നീക്കങ്ങളെ മുളയിലെ തള്ളിക്കളയണമെന്നും മുഖ്യമന്ത്രി പറഞ്ഞു. ഒരുമയും മതനിരപേക്ഷതയും ശാസ്ത്ര ചിന്തയും ഉപകരിച്ചുവെന്നും 7 വർഷം കൊണ്ട് 84 ശതമാനം വർദ്ധനവ് ഉണ്ടായെന്നും മുഖ്യമന്ത്രി കൂട്ടിച്ചേർത്തു.



# കൺമുന്നിൽ നഷ്ടമാവുമോ സ്വാതന്ത്ര്യം?



ബ്ലസിൻ ജോൺ മലയിൽ,
ചീഫ് എഡിറ്റർ

രാജ്യം ഇന്ന് സ്വാതന്ത്ര്യം ആഘോഷിക്കുകയാണ്. തമ്മിൽ തല്ലികൊണ്ടിരുന്ന കൊച്ചു കൊച്ചു നാട്ടുരാജ്യങ്ങളുടെ കൂട്ടമായിരുന്നു ഒരിക്കൽ ഇന്ത്യ! ബ്രിട്ടീഷുകാർക്ക് അത് സൗകര്യമായി. ഒടുവിൽ ഇവിടെ ആധിപത്യം സ്ഥാപിക്കാനും അവർക്ക് അത് വഴിയൊരുക്കി.

മഹാത്മ ഗാന്ധിയെയും സുഭാഷ് ചന്ദ്ര ബോസിനെയും പോലെ നിരവധി രാഷ്ട്ര നേതാക്കൾ ജീവൻ ത്യണവത്കരിച്ച് പോരാടിയപ്പോൾ രാജ്യം സ്വതന്ത്രമായി. ഒരൊറ്റ ഇന്ത്യ, ഒരൊറ്റ ജനത എന്ന് ജനം തെരുവിൽ ആർത്തു വിളിച്ചു. ആർപ്പുകൾക്കിടയിൽ വർഗ്ഗവും വർണ്ണവും വേഷവും ഭാഷയും എല്ലാം മറന്ന് സമൂഹം ഒന്നായി.

ബ്രിട്ടിഷുകാർ നാടുവിട്ടപ്പോൾ പ്രതീക്ഷകൾ വലുതായിരുന്നു. അവർ നാമാവശേഷമാക്കിയ മണ്ണിൽ നിന്നും പുതിയൊരു ഇന്ത്യ കുതിച്ചെഴുന്നേറ്റു.വർഷങ്ങൾ ചിലത് കഴിഞ്ഞപ്പോൾ കഥ ഇന്ന് മാറി! ജനാധിപത്യം മുഖമുദ്രയാക്കി ഉയർന്നുവന്ന ഭരണകൂടം തെറ്റായ ദിശയിലേക്കാണ് ചലിക്കുന്നത്. ഫലമായി സ്വാതന്ത്ര്യമല്ല, ആശങ്കകളാണ് സമൂഹത്തിൽ നിറയുന്നത് !

നാട്ടിലെ ഐക്യവും സ്നേഹവും പൊതു നിരത്തിൽ ചോദ്യം ചെയ്യപ്പെടുന്നു. മണിപ്പൂരും ഹരിയാനയും കൺമുന്നിൽ നിന്നു കത്തുന്നു!സ്വന്തം ജനതയെ വേട്ടയാടാനായി ഭരണകൂടം നിയമങ്ങൾ തിരുത്തുന്നു. തെറ്റുകൾ ചൂണ്ടിക്കാണിക്കുന്നവരെ മോശക്കാരാക്കി ജയിലിലടക്കുന്നു.

ഇന്ന് നാം ആഘോഷിക്കുന്ന സ്വാതന്ത്ര്യദിനം അർത്ഥ പൂർണമാണോ? ആകണമെങ്കിൽ അവസാനത്തെ പൗരനും യഥാർത്ഥ സ്വാതന്ത്ര്യം അനുഭവിക്കേണ്ടേ? പക്ഷേ സംഭവിക്കുന്നതോ? മണിപ്പൂരിലെ തെരുവുകളിൽ കുട്ടികളെ ചുട്ടു കൊല്ലുന്നു! സ്ത്രീകളെ നടുറോഡിൽ നഗ്നരാക്കി ഭോഗിക്കുന്നു! മുതിർന്നവരുടെ തല വെട്ടി വഴിയിൽ കൊണ്ടു നടക്കുന്നു!

ഇതാണോ നാം ലക്ഷ്യമിട്ട ഇന്ത്യ? ഇതാണോ നാം ഭാവന കണ്ട സ്വാതന്ത്ര്യം? ഇതിനിടയിൽ കൊടി തോരണങ്ങൾ ഉയരുന്നതിൽ എന്താണ് അർത്ഥം? പരേഡും സല്യൂട്ടും മാത്രമാണോ ഇന്ത്യ? ജീവൻ നഷ്ടപ്പെട്ട സമൂഹത്തിന് വേണ്ടി പ്രതിമകൾ ഉയർത്തുകയാണ് സർക്കാർ!!

സ്വാതന്ത്ര്യം എന്താണെന്ന് പോലും തിരിച്ചറിയാനാകാത്ത ഒരു സമൂഹം ! അവർക്കിടയിലേക്ക് പിറന്നു വീഴുന്ന കുരുന്നുകൾ! അവരും കണ്ടു വളരുന്നത് ഇവിടുത്തെ വർഗീയതയും തീവ്രവാദവുമാണ്. നല്ലതു പറഞ്ഞു കൊടുക്കാൻ ആളില്ലെങ്കിൽ നാളെ അവരും തെറ്റുകൾ ആവർത്തിക്കും ! ഇന്ത്യ ശിഥിലമാകും! ധീരന്മാർ ജീവൻ പണയം നൽകി നേടി തന്ന സ്വാതന്ത്ര്യത്തിന്റെ പൊൻപുലരികൾ രാജ്യത്തിന് അന്യമാകും. എല്ലാം നാമവശേഷമാകും!

ഇവിടെ ഉണർന്ന് പ്രാർത്ഥിക്കാൻ കടപ്പെട്ടവരാണ് നാം അതേ, ക്രിസ്തീയ സമൂഹം ! നാം ഇവിടെ ഉണർന്ന് പ്രവർത്തിച്ചില്ലെങ്കിൽ, കണ്ണീരൊഴുക്കിയില്ലെങ്കിൽ, എല്ലാം കൺമുന്നിൽ നമുക്ക് നഷ്ടമാകും! അതിന് ഇടവരാതിരിക്കട്ടെ !!

സ്വാതന്ത്ര്യ ദിനാശംസകൾ !!

# വൈപിസിഎ ജനറൽ ക്യാമ്പ്

ചെങ്ങന്നൂർ: ന്യൂ ഇന്ത്യ ദൈവസഭയുടെ യുവജന വിഭാഗമായ വൈ പി സി എ ജനറൽ ക്യാമ്പ് ചെങ്ങന്നൂർ പ്രൊവിഡൻസ് എൻജിനീയറിംഗ് കോളേജിൽ വെച്ച് ആഗസ്റ്റ് 28, 29, 30 തീയതികളിൽ നടത്തപ്പെടുന്നു. 28-ാം തീയതി രാവിലെ 10:30 ന് NICOG ജനറൽ പ്രസിഡന്റ് പാസ്റ്റർ ആർ എബ്രഹാം ഉദ്ഘാടനം ചെയ്യുന്ന ക്യാമ്പിൽ. പാസ്റ്റർമാരായ ബിജുതമ്പി (NICOG ജനറൽ സെക്രട്ടറി) റ്റി എം കുരുവിള (NICOG സ്റ്റേറ്റ് പ്രസിസന്റ് ) ബോബൻ തോമസ് (NICOG സ്റ്റേറ്റ് സെക്രട്ടറി), ബിനു തമ്പി, രജ്ജിത്ത് എബ്രഹാം, പ്രിൻസ് തോമസ്, അനീഷ് തോമസ്, ഷിബു മാത്യൂ, മനോജ് എബ്രഹാം ഐ പി എസ് , ഡോ. നിവിൽ എബ്രഹാം, ഡോ. സുമ, പാസ്റ്റർ സുജിത്ത് എം സുനിൽ, അനിൽകുമാർ അയ്യപ്പൻ എന്നിവർ ക്ലാസുകൾ നയിക്കും. ഇവാ. ലോർഡ്സൺ ആന്റണിയും സംഘവും ഗാനശുശ്രൂഷയ്ക്കു നേതൃത്വം നൽകും.

# PCNAK മാധ്യമ പ്രവർത്തകസമിതി രൂപീകരിച്ചു




ഹൂസ്റ്റൺ: PCNAK മീഡിയ ടീം നിലവിൽ വന്നു. കുര്യൻ സഖറിയ, നിബു വെള്ളവന്താനം, ഫിന്നി രാജു, ജോയി തുമ്പമൺ, സ്റ്റീഫൻ സാമുവൽ എന്നിവരാണ് മീഡിയ ടീം സമിതി അംഗങ്ങൾ. സോഷ്യൽ മീഡിയ പ്ലാറ്റ്ഫോമുകൾ കൂടി ഉപയോഗിച്ചുകൊണ്ട് രജിസ്ട്രേഷനും മറ്റ് കോൺഫറൻസിന്റെ വിവരങ്ങളും ഉൾപ്പെടുത്തി പി.സി. എൻ.എ.കെ വെബ്സൈറ്റിൽ നിന്നും സമൂഹമാധ്യമ പേജുകൾ ആയ ഫെയ്സ്ബുക്ക്, ഇൻസ്റ്റാഗ്രാം, ടിറ്റർ തുടങ്ങിയ അക്കൗണ്ടുകളിലേക്ക് നേരിട്ട് സന്ദർശിക്കുവാനുള്ള അവസരം ഒരുക്കിയിട്ടുണ്ട്.

നോർത്ത് അമേരിക്കൻ മലയാളി പെന്തക്കോസ്ത് കോൺഫറൻസ് വിജയകരമാക്കുന്നതിന് മീഡിയയുടെ സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തുക എന്ന ലക്ഷ്യത്തോടെയാണ് വിപുലമായ മീഡിയ ടീമിനെ തെരഞ്ഞെടുത്തിരിക്കുന്നതെന്ന് ഹൂസ്റ്റൺ കോൺഫ്രൻസ് നാഷണൽ ഭാരവാഹികളായ പാസ്റ്റർ ഫിന്നി ആലുംമൂട്ടിൽ, രാജു പൊന്നോലിൽ, ബിജു തോമസ്, റോബിൻ രാജു, ആൻസി സന്തോഷ് എന്നിവർ അറിയിച്ചു.

പി.സി.എൻ.എ.കെ ഭാരവാഹികളുടെയും വിവിധ സംസ്ഥാനങ്ങളിൽ നിന്നും തിരഞ്ഞെടുക്കപ്പെട്ട പ്രതിനിധികളുടെയും നാഷണൽ ലോക്കൽ കമ്മിറ്റി സെപ്റ്റംബർ 30 ശനിയാഴ്ച രാവിലെ 9 മുതൽ വൈകിട്ട് 5 വരെ ഹൂസ്റ്റൺ ജോർജ് ബ്രൗൺ കൺവെൻഷൻ സെന്ററിൽ വെച്ച് ഉണ്ടായിരിക്കുന്നതാണെന്ന് നാഷണൽ സെക്രട്ടറി രാജു പൊന്നോലിൽ അറിയിച്ചു.

# പത്തുവർഷം തടവിലായിരുന്ന പതിമൂന്നു ക്രൈസ്തവർക്ക് മോചനം

അസ്മാര: എറിത്രിയയിൽ കഴിഞ്ഞ 10 വർഷമായി തടവ് അനുഭവിച്ചുവരികയായിരിന്ന 13 ക്രൈസ്തവർക്ക് മോചനം. തങ്ങളുടെ പ്രാർത്ഥനക്കു മറുപടിയാണ് ഈ മോചനമെന്നു വോയിസ് ഓഫ് ദി മാർട്ടിയേഴ്സ് മിനിസ്ട്രി അറിയിച്ചു. 7,000 ദിവസമായി ജയിലിൽ കഴിയുന്ന രണ്ട് വചനപ്രഘോഷകരുടെ മോചനത്തിനായി പ്രാർത്ഥിക്കണമെന്ന് അഭ്യർത്ഥിച്ച് വോയിസ് ഓഫ് ദി മാർട്ടിയേഴ്സ് റേഡിയോയുടെ അവതാരകനായ ടോഡ് നെറ്റിൽടൺ കഴിഞ്ഞ ദിവസം രംഗത്തുവന്നിരിന്നു. ക്രിസ്ത്യാനികളായതിനാൽ എറിത്രിയൻ ഗവൺമെന്റ് തടവിലാക്കിയ നൂറുകണക്കിന് തടവുകാരെ മോചിപ്പിക്കുന്നതിനുള്ള പ്രാർത്ഥനാഭ്യർത്ഥനയും അദ്ദേഹം നടത്തി.

ഇതിനു പിന്നാലെ പ്രാർത്ഥിക്കുന്നവരുടെ കൂട്ടായ്മയിൽ പതിനായിരത്തിലധികം ആളുകൾ അവരുടെ പേരുകൾ ചേർത്തിരിന്നുവെന്നും പ്രാർത്ഥനക്കു ലഭിച്ച ഉത്തരമാണ് ക്രൈസ്തവരുടെ മോചനമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. കഴിഞ്ഞ 10 വർഷമായി തടവിൽ കഴിയുന്ന പതിമൂന്ന് എറിത്രിയൻ ക്രിസ്ത്യാനികൾ ഇന്ന് സ്വതന്ത്രരാണെന്നും ദൈവ തിരുസന്നിധിയിൽ നന്ദിയർപ്പിക്കുകയാണെന്നും ടോഡ് നെറ്റിൽടൺ പറഞ്ഞു. മോചിതരായവരിൽ ആറ് പുരുഷന്മാരും ഏഴ് സ്ത്രീകളും ഉൾപ്പെടുന്നു. ഇവർ എല്ലാവരും 10 വർഷമായി ജയിലിൽ തടവ് അനുഭവിക്കുകയായിരിന്നു.

# വാർത്താ ചാനലുകളുടെ സ്വയം നിയന്ത്രണം ശക്തമാക്കാൻ പുതിയ മാർഗ്ഗ രേഖ കൊണ്ടുവരും; സുപ്രീം കോടതി



ഡൽഹി :വാർത്ത ചാനലുകളുടെ സ്വയം നിയന്ത്രണം ശക്തമാക്കാൻ പുതിയ മാർഗ്ഗ രേഖ കൊണ്ട് വരുമെന്ന് സുപ്രീം കോടതി. വാർത്ത ചാനലുകളുടെ സ്വയം നിയന്ത്രണ സംവിധാനം ഫലപ്രദം അല്ലെന്ന് സുപ്രീം കോടതി പറഞ്ഞു. ചാനലുകൾ സ്വയം നിയന്ത്രണം പാലിക്കണം പക്ഷേ ഈ നിയന്ത്രണം ഫലപ്രദമാകുന്നില്ലെന്ന് ചീഫ് ജസ്റ്റിസ് അധ്യക്ഷനായ ബെഞ്ച് നിരീക്ഷിച്ചു. ഈ സാഹചര്യത്തിൽ എൻബിഎ ചട്ടക്കൂട് ശക്തമാക്കാൻ മാർഗനിർദ്ദേശങ്ങൾ പുറപ്പെടുവിപ്പിക്കുമെന്ന് കോടതി വ്യക്തമാക്കി. എൻബിഎ ചട്ടങ്ങൾക്ക് എതിരായ ബോംബൈ ഹൈക്കോടതി വിധിക്കെതിരായ അപ്പീൽ പരിഗണിച്ചു കൊണ്ടാണ് കോടതി ഈക്കാര്യം വ്യക്തമാക്കിയത്. നിലവിൽ എൻബിഎ ചട്ടം പാലിക്കാത്ത ചാനലുകൾക്ക് ഒരു ലക്ഷമാണ് പിഴ വിധിക്കുന്നത്. ഈ തുക കുറവാണ് ഇതിലടക്കം മാറ്റം വേണമെന്നും കോടതി പറഞ്ഞു. പിഴ തുക സംബന്ധിച്ച് പുതിയ ശുപാർശകൾക്കും കോടതി ആരാഞ്ഞു. കേസിൽ കേന്ദ്രത്തിന് കോടതി നോട്ടീസ് അയച്ചു.



13 AUGUST 2023
Wings of HOPE
For Private Circulation Only
ക്രിസ്ത്യൻ ലൈവ് മീഡിയയിൽ നിന്നും
ഇപ്പോൾ നിങ്ങൾക്കായി ഒരു ഇംഗ്ലിഷ് പത്രം
എല്ലാ ഞായറാഴ്ചകളിലും പ്രസിദ്ധികരിക്കുന്നു
സൗജന്യ കോപ്പികൾക്കായി ഇന്നു
തന്നെ വാട്സാപ്പ് ചെയ്യുക:
09846552220




CHRISTIAN LIVE
CHRISTIAN LIVE.IN
MIDDLE EAST CHRISTIAN YOUTH MINISTRIES
+91 9846 55 22 20 | +91 9188 52 22 20 | +971 55 862 1000
info@christianlive.in
www.christianlive.in
KERALA | BANGALORE | DUBAI
USA | CANADA | KUWAIT | UK
BRAND MARKETING
EVENT MANAGEMENT
ONLINE NEWS PORTAL
DAILY NEWS PAPER
LED WALL/TV RENTAL
+91 9846552220
MEDIA PRODUCTION LIVE STREAMING